LIBRARY ARCHIVES Kerala Legislative Assembly

അപകടത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം

97 [2134] ശ്രീ. പി. കെ. കെ. ബാവ :
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക് കുരിക്കൾ:
„ നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ മരണം സംഭവിച്ചവരുടെ ആശ്രിതർക്കും പരിക്കുപറ്റിയവർക്കും കെ. എസ്. ആർ. ടി. സി. നഷ്ടപരിഹാരം കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) ഈ തുക നിശ്ചയിക്കുന്നതിന് അധികാരം ആർക്കാണ്;

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഓരോന്നിനും ഈ ഇനത്തിൽ കൊടുത്തിട്ടുള്ള തുക എത്ര വീതം;

(ഡി) ഈ തുക മുൻ വർഷങ്ങളിലുള്ളതിനേക്കാൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വാഹനങ്ങളുടെ വേഗത നിയന്ത്രിച്ചും ഡ്രൈവർമാരുടെ അശ്രദ്ധ ഇല്ലെന്നു ഉറപ്പു വരുത്തിയും അപകട സാദ്ധ്യത കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിക്കുപറ്റിയവരും മരിച്ചവരുടെ ആശ്രിതരും എം. എ. സി. റ്റി. യിൽ നഷ്ടപരിഹാരത്തിനായി ഹർജികൾ ഫയൽ ചെയ്യും. അതിന്മേൽ കോടതി വിധിക്കുന്ന തുകയാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(ബി) ഈ തുക നിശ്ചയിക്കുന്നതിനുള്ള അധികാരം എം. എ. സി. റ്റി. യ്ക്ക് മാത്രമാണ്.

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഓരോന്നിനും ഈ ഇനത്തിൽ കൊടുത്ത തുക

2002-2003 : 4.5 കോടി രൂപ

2003-2004 : 9.7 കോടി രൂപ

(ഡി) ഉണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)